CERTIFIED
On. 05/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 100(6)/2021 *എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.1692/*എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 22.12.2021**

| | |
|---|---|
| ശ്രീ. അഖിൽ എ. എസ്,<br>S/o. അനിൽ കുമാർ,<br>തേരിയിൽ വീട്, ഉദയഗിരി,<br>ചെമ്പഴന്തി പി.ഒ,<br>തിരുവനന്തപുരം – 695 587. | അപ്പീൽ ഹർജിക്കാരൻ |

Vs.

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ,<br>അസി. എഞ്ചിനീയർ,<br>തിരുവനന്തപുരം നഗരസഭ,<br>ശ്രീകാര്യം സോണൽ ഓഫീസ്.<br>2. അപ്പീൽ അധികാരി ,<br>അസി. എക്സി. എഞ്ചിനീയർ,<br>തിരുവനന്തപുരം നഗരസഭ,<br>ശ്രീകാര്യം സോണൽ ഓഫീസ്. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 30/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 16/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23/01/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29/01/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/02/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 19/04/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 17/12/2021<br>കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. അഖിൽ എ. എസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് മറുപടി ലഭ്യമാക്കിയില്ലെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 30.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ഉദയഗിരി ജംഗ്ഷനിൽ നിന്നും തെക്ക് ഭാഗത്തേക്കുള്ള (പ്ലാവില റോഡ്) മുഴുവൻ കോൺക്രീറ്റ് റോഡും കോർപ്പറേഷൻ അസറ്റിലുള്ളതാണോ എന്നും

2) കോർപ്പറേഷൻ നിർമ്മിച്ച ടി റോഡ് കോർപ്പറേഷന്റേതാണോ എന്നും

3) ടി റോഡ് കോർപ്പറേഷൻ അസറ്റിലുള്ളതാണെന്ന് കാണിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും

4) ഏത് വർഷമാണ് ടി റോഡ് കോർപ്പറേഷനുമായി അറ്റാച്ച് ചെയ്തതെന്നുമാണ്.

3. ഹർജിക്കാരന്റെ 30.10.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 16.11.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ 11.11.2020 ൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് മറുപടി നൽകിയിട്ടില്ലാത്തതുമാണ്.

4. ഒന്നാം എതിർകക്ഷി 15.04.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് അസ്സറ്റ് രജിസ്റ്റർ സൂക്ഷിക്കുന്ന നഗരസഭയുടെ മെയിൻ ഓഫീസിലെ ഡി.ബി. സെക്ഷനിൽ നിന്നും രജിസ്റ്റർ പരിശോധിച്ച് ആവശ്യമുള്ള വിവരങ്ങൾ എടുക്കാവുന്നതാണെന്ന് അറിയിച്ച് 16.11.2020 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ അപ്പീൽ സമർപ്പിച്ചതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ അസ്സറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ടി പ്ലാവില റോഡ് രജിസ്റ്ററിൽ കണ്ടെത്തുവാൻ കഴിഞ്ഞി

ട്ടില്ല എന്ന വിവരം 24.01.2021 ൽ അപേക്ഷകനെ അറിയിച്ചുവെന്നും അപേക്ഷകന് മറുപടി നൽകിയതിന്റെ പകർപ്പുകൾ ഉൾക്കൊള്ളിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതായി കാണുന്നുവെങ്കിലും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. 17.12.2021 ൽ കമ്മീഷൻ നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരൻ ഹിയറിംഗിൽ പങ്കെടുക്കുകയോ പങ്കെടുക്കാതിരിക്കാനുള്ള കാരണമോ കമ്മീഷനിൽ അറിയിച്ചിരുന്നില്ല. ഹർജിക്കാരന്റെ അപ്പീലപേക്ഷയ്ക്ക് 24.01.2021 ൽ മറുപടി നൽകിയതായി ഒന്നാം എതിർകക്ഷിയുടെ മൊഴിയിലും 15.04.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലും പറയുന്നു. എന്നാൽ ആയത് തെളിയിക്കുന്നതിന് ഡസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പൊന്നും ടിയാൻ ഹാജരാക്കിയതായി കാണുന്നില്ല. നഗരസഭയുടെ മെയിൻ ഓഫീസിലെ ഡി.ബി. സെക്ഷനിൽ നിന്നും രജിസ്റ്റർ പരിശോധിച്ച് ആവശ്യമുള്ള വിവരങ്ങൾ എടുക്കാവുന്നതാണെന്നാണ് വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടിയിൽ ഹർജിക്കാരനെ അറിയിച്ചിരിക്കുന്നത്. വിവരാവകാശ നിയമപ്രകാരം അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ടി ഓഫീസിൽ ലഭ്യമല്ലെങ്കിൽ ഏത് ഓഫീസിൽ നിന്നും ലഭിക്കുമെന്ന് അറിയാമെങ്കിൽ ടി അപേക്ഷ വിവരാവകാശ നിയമം സെക്ഷൻ 6(3) പ്രകാരം അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം കൈമാറേണ്ടതും ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. ഇവിടെ ഒന്നാം എതിർകക്ഷി അപ്രകാരം ചെയ്തതായി കാണുന്നില്ല. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അസ്സറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് ടിയാന് മറുപടി നൽകാൻ കഴിയാതിരുന്നതെന്നാണ് ഹിയറിംഗിൽ പങ്കെടുത്ത എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. ടി റോഡ് കോർപ്പറേഷനിൽ ഉള്ള റോഡാണെന്നും എന്നാൽ ടി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്നും ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നു. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളുടെ പകർപ്പുകളും ഈ ഉത്തരവ് ലഭിച്ച് 10 ദിവസങ്ങൽക്കകം ടിയാന് നൽകേണ്ടതാണെന്നും

ആ വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 22-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm